പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2785 12/10/2011-ൽ മറുപടിക്ക്.

സംസ്ഥാനത്തെ വിവിധ ക്ഷേമനിധികളിലെ പെൻഷൻ കുടിശ്ശിക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) വിവിധ ക്ഷേമനിധിയിൽ ഓരോന്നിലും അംഗങ്ങളായവർക്ക് ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് എത്രരൂപയാണ് പ്രതിമാസം പെൻഷൻ നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കുറഞ്ഞ പെൻഷൻ 500/- രൂപയും പരമാവധി പെൻഷൻ 1000/- രൂപയും , കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ അംഗങ്ങളായവർക്ക് 500/- രൂപയും മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ നൽകിത്തുടങ്ങിയിട്ടുള്ള ക്ഷേമനിധി ബോർഡുകളിൽ 300/- രൂപയും ആയിരുന്നു പ്രതിമാസം പെൻഷനായി നൽകിയിരുന്നത്. |
| (ബി) ആ കാലയളവിൽ എത്രരൂപയുടെ കുടിശ്ശിക ഓരോ വിഭാഗത്തിലുമുണ്ടായിരുന്നെന്ന് വെളിപ്പെടുത്തുമോ; | (ബി) കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 2011 ഏപ്രിൽ മാസത്തെ പെൻഷൻ തുകയായ 25,28,800/- രൂപ കുടിശ്ശികയുണ്ടായിരുന്നു. മറ്റ് ബോർഡുകളിൽ ഒന്നും തന്നെ ആ കാലയളവിൽ കുടിശ്ശിക ഉണ്ടായിരുന്നില്ല. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മേൽ സൂചിപ്പിച്ച ഓരോ വിഭാഗത്തിനും പെൻഷൻ ഇനത്തിൽ എത്രതുക വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, വർദ്ധിപ്പിച്ച തുക പ്രകാരം ഓരോ വിഭാഗത്തിനും എത്ര രൂപ വീതം ഇതിനകം വിതരണം ചെയ്തുവെന്നും വെളിപ്പെടുത്തുമോ; | (സി) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ക്ഷേമനിധി ബോർഡുകളിലേയും പ്രതിമാസ മിനിമം ക്ഷേമനിധി പെൻഷൻ തുക 01/04/2011 മുതൽ 400/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

കേരള ചുമട്ടു തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അൺ അറ്റാച്ച്ഡ് വിഭാഗത്തിന് 33,22,500/- രൂപയും സ്കാറ്റേർഡ് വിഭാഗത്തിന് 3,62,400/- രൂപയും കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് റെഗുലർ സ്കീമും ന്യൂ സ്കീമം പ്രകാരം 14,33,63,205/- രൂപയും കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 21,39,29,122/- രൂപയും കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1,59,32,000/- രൂപയും, കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 76,62,852/- രൂപയും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2400/- രൂപ വീതം 8037 പേർക്കും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2,16,90,450/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ ഓരോ വിഭാഗത്തിനും എത്രരൂപയുടെ എത്രമാസത്തെ കുടിശ്ശിക നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

(ഡി) പെൻഷൻ ആനുകൂല്യങ്ങൾ അനുവദനീയമായിട്ടുള്ള എല്ലാ ക്ഷേമനിധി ബോർഡുകളിലേയും സെപ്തംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ